പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1732 | 16-10-2026-ൽ മറുപടിയ്ക്ക്

<u>ലേബർ കോഡ്</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. എ. പ്രഭാകരൻ

ശ്രീ. ടി. എം. ശശി

ശ്രീ. കെ. പ്രേമൻ

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി)

**(എ)** കേന്ദ്രസർക്കാരിന്റെ ലേബർ കോഡ് തൊഴിലുടമകൾക്ക് അനുകൂലമായതും കരാർവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതുമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

**<u>മറുപടി:</u>** ലേബർ കോഡുകൾ അവലോകനം ചെയ്ത് അനുയോജ്യമായ സംസ്ഥാനതല ഭേദഗതികൾ നിർദ്ദേശിക്കുന്നതിനായി സംസ്ഥാന സർക്കാർ 22.01.2026-ന് നിയമിച്ച ജസ്റ്റിസ് വി. ഗോപാല ഗൗഡ കമ്മിറ്റി 09.03.2026-ന് സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു.

കേന്ദ്ര ലേബർ കോഡുകൾക്കനുസൃതമായി സംസ്ഥാനതല ചട്ടങ്ങൾ രൂപീകരിക്കുന്നതു സംബന്ധിച്ച് തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തി തീരുമാനമെടുക്കുന്നതിന് 29.07.2026-ലെ മന്ത്രിസഭായോഗം ബഹു. മുഖ്യമന്ത്രിയെ ചുമതലപ്പെടുത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**(ബി)** ലേബർ കോഡിനെക്കുറിച്ച് പഠിക്കാൻ മുൻ സർക്കാരിന്റെ കാലത്ത് കമ്മീഷനെ നിയോഗിച്ചിരുന്നോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

**<u>മറുപടി:</u>** ലേബർ കോഡുകൾ അവലോകനം ചെയ്ത് അനുയോജ്യമായ സംസ്ഥാനതല ഭേദഗതികൾ നിർദ്ദേശിക്കുന്നതിനായി സംസ്ഥാന സർക്കാർ 22.01.2026-ന് നിയമിച്ച ജസ്റ്റിസ് വി. ഗോപാല ഗൗഡ കമ്മിറ്റി 09.03.2026-ന് സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു.

കേന്ദ്ര ലേബർ കോഡുകൾക്കനുസൃതമായി സംസ്ഥാനതല ചട്ടങ്ങൾ രൂപീകരിക്കുന്നതു സംബന്ധിച്ച് തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തി തീരുമാനമെടുക്കുന്നതിന് 29.07.2026-ലെ മന്ത്രിസഭായോഗം ബഹു. മുഖ്യമന്ത്രിയെ ചുമതലപ്പെടുത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**(സി)** ലേബർ കോഡിന്റെ മറവിൽ സംസ്ഥാനത്തെ ചില കമ്പനികൾ ജീവനക്കാരെ കൂട്ടത്തോടെ പിരിച്ചുവിട്ട നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

<u>**മറുപടി:**</u> ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

Corrohealth Infotech Ltd എന്ന സ്ഥാപനത്തിലെ തൊഴിലാളികളെ കൂട്ടത്തോടെ പിരിച്ചു വിട്ട വിഷയം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഡിപ്പാർട്ടുമെന്റ് തലത്തിൽ ഇടപടലുകൾ ഉണ്ടാവുകയും ബഹു. തൊഴിൽ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 20.07.2026 തീയതിയിൽ വിഷയത്തിൽ ഒത്തു തീർപ്പിലെത്തിച്ചേരുകയുമുണ്ടായി. എറണാകുളം, കോഴിക്കോട് ബ്രാഞ്ചുകളിൽ നിന്ന് പിരിച്ചുവിടപ്പെട്ട തൊഴിലാളികൾക്ക് അഞ്ച് മാസത്തെ ശമ്പളത്തിന് തുല്യമായ തുക അധിക നഷ്ടപരിഹാരമായി മാനേജ്‌മെന്റ് നൽകേണ്ടതാണെന്നും മറ്റുമുള്ള വ്യവസ്ഥകളോടെയാണ് ഒത്തു തീർപ്പിലെത്തിച്ചേർന്നത് .

എറണാകുളം ടാൽറോപ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും തൊഴിലാളികളെ പിരിച്ചു വിട്ടുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ 04.08.2026 തീയതിയിൽ കൂടിയ യോഗത്തിൽ സ്ഥാപനത്തിൽ നിന്നും പിരിച്ച് വിട്ടവരും/ജോലി രാജി വച്ചവരുമായ എല്ലാ ജീവനക്കാരുടെയും NET SALARY 2026 ഒക്ടോബർ 31 ന് മുമ്പായി നൽകുമെന്ന് മാനേജ്‌മെന്റ് പ്രതിനിധി സമ്മതിക്കുകയും ടി വ്യവസ്ഥ ജീവനക്കാരുടെ പ്രതിനിധികൾ അംഗീകരിക്കുകയുമുണ്ടായി

**(ഡി)** പ്രസ്തുത വിഷയത്തിൽ സംസ്ഥാന നിയമം കൊണ്ടുവരുന്നതിന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടോ; ആയതിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>**മറുപടി:**</u> ഉണ്ട്. കേന്ദ്ര ലേബർ കോഡുകൾക്കനുസൃതമായി സംസ്ഥാനതല ചട്ടങ്ങൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**